**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1637** **08-10-2021 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റികൾ നൽകുന്ന ഈക്വലൻസി/എലിജിബിലിറ്റി സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിനു പുറത്തുള്ള ഏതൊക്കെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ഏതൊക്കെ കോഴ്സുകൾക്കാണ് കേരളത്തിലെ യൂണിവേഴ്സിറ്റികൾ ഇക്വലൻസി/എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത് എന്ന് അറിയിക്കുമോ; കേരളത്തിലെ യൂണിവേഴ്സിറ്റികൾ നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റും ഇക്വലൻസി സർട്ടിഫിക്കറ്റും തമ്മിലുള്ള വ്യത്യാസം എന്തെന്നും വ്യക്തമാക്കുമോ; | (എ) | തൊഴിലിനോ ഉന്നത വിദ്യാഭ്യാസത്തിനോ വേണ്ടി സർവകലാശാലകൾ നടത്തുന്ന ബിരുദങ്ങളുടെ തുല്യത/ അംഗീകാരം സംബന്ധിച്ച് മറ്റ സർവകലാശാലകൾ നൽകുന്ന സർട്ടിഫിക്കറ്റുകളാണ് ഇക്വലൻസി അഥവാ എലിജിബിലിറ്റി സർട്ടിഫിക്കറ്റ്. ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തതയ്ക്കുവേണ്ടി സർക്കാർ ജി.ഒ.(എം.എസ്) നം. 272/2018/ ഉ.വി.വ തീയതി 13/11/2018 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്. 1. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻറ് റിസേർച്ച് (IISER) മറ്റ് ദേശീയ പ്രാമുഖ്യമുള്ള സ്റ്റാൻറ് എലോൺ സ്ഥാപനങ്ങൾ തുടങ്ങിയ ദേശീയ സ്ഥാപനങ്ങളുടെ ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്. 2. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും IISER, IISc കേന്ദ്ര/ സംസ്ഥാന സർവ്വകലാശാലകൾ, സർക്കാർ ധനസഹായത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ BS/MS ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്. 3. ഐ.ഐ.റ്റികൾ (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആൻറ് റിസേർച്ച് (IISER) |

| | | | |
|---|---|---|---|
| | | | തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെയും യു.ജി.സി അംഗീകാരമുള്ള മറ്റ് സ്ഥാപനങ്ങളുടെയും ബിരുദങ്ങൾക്ക് അംഗീകാരവും തുല്യതാ സർട്ടിഫിക്കറ്റും നിഷ്കർഷിക്കാൻ പാടുള്ളതല്ല. 4. യു.ജി.സി പ്രസിദ്ധീകരിക്കുകയും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്യുന്ന അംഗീകൃത സർവകലാശാല കളുടെയും സ്ഥാപനങ്ങളുടെയും പട്ടികയിൽപെടുന്ന സർവകലാശാല കളുടെയും സ്ഥാപനങ്ങളുടെയും ബിരുദങ്ങൾ പരസ്പരം അംഗീകരിക്കേണ്ടതാണ്. 5. സർവകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും യു.ജി.സി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പേരുകൾ (nomenclature) ആയിരിക്കണം ബിരുദങ്ങൾക്ക്/യോഗ്യതകൾക്ക് അവലംബമാക്കേണ്ടത്. 6. വിദേശ സർവ്വകലാശാലകളുടെ ബിരുദങ്ങൾ അംഗീകരിക്കുന്നതും തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതും അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റി (AIU) നിജപ്പെടുത്തി യിട്ടുള്ള നയങ്ങൾക്കും, മാനദണ്ഡ ങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി ആയിരിക്കണം. 7. വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ (Open and Distance Learning) കരസ്ഥമാക്കിയിട്ടുള്ള ബിരുദങ്ങളുടെ അംഗീകാരത്തിന് സർവകലാശാല കളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും അവലംബിക്കേണ്ടത് ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ചുള്ള യു.ജി.സി യുടെ പുതിയ റെഗുലേഷനുകളെ ആയിരിക്കണം. 8. 2017 ലെ യു.ജി.സിയുടെ ഓപ്പൺ ആൻറ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ച റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നതിന് മുൻപ് ഓപ്പൺ/വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കരസ്ഥമാക്കിയ ബിരുദങ്ങളുടെ അംഗീകാരം സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട സർവകലാശാലയ്ക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്. 9. യു.ജി.സി അംഗീകാരത്തോടെ പ്രവർത്തിക്കുന്നവയും, യു.ജി.സി കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും മാനദണ്ഡങ്ങൾ ക്കും അനുസൃതമായി പ്രവർത്തിക്കുന്ന വയുമായ സ്വകാര്യ സർവകലാശാല കളുടെ ബിരുദങ്ങൾ സർവകലാശാല കളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും അംഗീകരിക്കേണ്ടതാണ്. |
| (ബി) | കേരളത്തിനു പുറത്തുള്ള യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾക്ക് കേരളത്തിലെ ഏതെങ്കിലുമൊരു | (ബി) | തൊഴിലിനോ ഉന്നത വിദ്യാഭ്യാസത്തിനോ വേണ്ടി സർവകലാശാലകൾ നടത്തുന്ന ബിരുദങ്ങളുടെ |

| | | |
|---|---|---|
| | യൂണിവേഴ്സിറ്റി നൽകുന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികൾ അംഗീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | തുല്യത/ അംഗീകാരം സംബന്ധിച്ച് മറ്റു സർവകലാശാലകൾ നൽകുന്ന സർട്ടിഫിക്കറ്റുകളാണ് ഇക്വലൻസി അഥവാ എലിജിബിലിറ്റി സർട്ടിഫിക്കറ്റ്. ഈ സംബന്ധിച്ച് കൂടുതൽ വ്യക്തതയ്ക്കുവേണ്ടി സർക്കാർ ജി.ഒ.(എം.എസ്) നം. 272/2018/ ഉ.വി.വ തീയതി 13/11/2018 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്. 1. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻറ് റിസേർച്ച് (IISER) മറ്റ് ദേശീയ പ്രാമുഖ്യമുള്ള സ്റ്റാൻറ് എലോൺ സ്ഥാപനങ്ങൾ തുടങ്ങിയ ദേശീയ സ്ഥാപനങ്ങളുടെ ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്. 2. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും IISER, IISc കേന്ദ്ര/ സംസ്ഥാന സർവ്വകലാശാലകൾ, സർക്കാർ ധനസഹായത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ BS/MS ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്. 3. ഐ.ഐ.റ്റി കൾ (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആൻറ് റിസേർച്ച് (IISER) തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെയും യു.ജി.സി അംഗീകാരമുള്ള മറ്റ് സ്ഥാപനങ്ങളുടെയും ബിരുദങ്ങൾക്ക് അംഗീകാരവും തുല്യതാ സർട്ടിഫിക്കറ്റും നിഷ്കർഷിക്കാൻ പാടുള്ളതല്ല. 4. യു.ജി.സി പ്രസിദ്ധീകരിക്കുകയും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്യുന്ന അംഗീകൃത സർവകലാശാല കളുടെയും സ്ഥാപനങ്ങളുടെയും പട്ടികയിൽപെടുന്ന സർവകലാശാല കളുടെയും സ്ഥാപനങ്ങളുടെയും ബിരുദങ്ങൾ പരസ്പരം അംഗീകരിക്കേണ്ടതാണ്. 5. സർവകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും യു.ജി.സി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പേരുകൾ (nomenclature) ആയിരിക്കണം ബിരുദങ്ങൾക്ക്/യോഗ്യതകൾക്ക് അവലംബമാക്കേണ്ടത്. 6. വിദേശ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകളുടെ ബിരുദങ്ങൾ അംഗീകരിക്കുന്നതും തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതും അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റി (AIU) നിജപ്പെടുത്തി യിട്ടുള്ള നയങ്ങൾക്കും, മാനദണ്ഡ ങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി ആയിരിക്കണം. 7. വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ (Open and Distance Learning) കരസ്ഥമാക്കിയിട്ടുള്ള ബിരുദങ്ങളുടെ അംഗീകാരത്തിന് സർവകലാശാല കളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും അവലംബിക്കേണ്ടത് ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ചുള്ള യു.ജി.സി യുടെ പുതിയ റെഗുലേഷനുകളെ ആയിരിക്കണം. 8. 2017 ലെ യു.ജി.സിയുടെ ഓപ്പൺ ആൻറ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ച റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നതിന് മുൻപ് ഓപ്പൺ/വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കരസ്ഥമാക്കിയ ബിരുദങ്ങളുടെ അംഗീകാരം സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട സർവകലാശാലയ്ക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്. 9. യു.ജി.സി അംഗീകാരത്തോടെ പ്രവർത്തിക്കുന്നവയും, യു.ജി.സി കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും മാനദണ്ഡങ്ങൾ ക്കും അനുസൃതമായി പ്രവർത്തിക്കുന്ന വയുമായ സ്വകാര്യ സർവകലാശാല കളുടെ ബിരുദങ്ങൾ സർവകലാശാല കളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും അംഗീകരിക്കേണ്ടതാണ്. |
| (സി) | കേരളത്തിലെ യൂണിവേഴ്സിറ്റികൾ നൽകുന്ന ഇക്വലൻസി സർട്ടിഫിക്കറ്റുകൾ പി. എസ്. സി അംഗീകരിക്കണമെങ്കിൽ ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഇക്വലൻസി സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | (സി) | വിജ്ഞാപനപ്രകാരമുള്ള നിർദിഷ്ട യോഗ്യതകൾക്ക് തത്തുല്യ യോഗ്യത കൾ പരിഗണിക്കേണ്ടിവരുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവയാ ണെങ്കിൽ കേരളത്തിലെ ഏതെങ്കിലു മൊരു സർവകലാശാല നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യയോഗ്യതയായി പരിഗണിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പരിശോധിച്ചാണ് പി.എസ്.സി സ്വീകാര്യത നിശ്ചയിക്കുന്നത്. |
| (ഡി) | മേൽപ്പറഞ്ഞ രീതിയിൽ കേരളത്തിന് പുറത്തുനിന്നുള്ള കോഴ്സുകൾക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികൾ നൽകുന്ന ഇക്വലൻസി സർട്ടിഫിക്കറ്റുകൾ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനുവേണ്ടി പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | വിജ്ഞാപനപ്രകാരമുള്ള നിർദിഷ്ട യോഗ്യതകൾക്ക് തത്തുല്യ യോഗ്യത കൾ പരിഗണിക്കേണ്ടിവരുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവയാ ണെങ്കിൽ കേരളത്തിലെ ഏതെങ്കിലു മൊരു സർവകലാശാല നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യയോഗ്യതയായി പരിഗണിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പരിശോധിച്ചാണ് പി.എസ്.സി സ്വീകാര്യത നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ